"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ (KSACC) ഭരണസമിതിയിലെ വ്യവസായ വകുപ്പിന്റെ ഔദ്യോഗിക പ്രതിനിധിയായി ശ്രീമതി ഹേമ വി, ജോയിന്റ് സെക്രട്ടറിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.798/2025/ID തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-

1. സ.ഉ. (സാധാ.) നം. 1140/2023/വ്യവ. തീയതി 10/11/2023.
2. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ചെയർമാൻ & കാഷ്യു സ്പെഷ്യൽ ഓഫീസറുടെ 10/04/2025 തീയതിയിലെ ഡി/6/2025/കെ.എസ്.എ.സി.സി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ ഭരണസമിതിയിൽ വ്യവസായ വകുപ്പിന്റെ ഔദ്യോഗിക പ്രതിനിധിയായി പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ചിരുന്ന ശ്രീ റമീസ് രാജ എം കെ.എ.എസ്, അണ്ടർ സെക്രട്ടറി സ്ഥലം മാറിയ സാഹചര്യത്തിൽ വ്യവസായ വകുപ്പിൽ നിന്നും പുതിയ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്ത് നൽകണമെന്ന് കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ചെയർമാൻ പരാമർശം 2 കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

2. മേൽ സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ ഭരണസമിതിയിൽ ശ്രീ റമീസ് രാജ.എം കെ.എ.എസ്, അണ്ടർ സെക്രട്ടറി -യ്ക്ക് പകരം വ്യവസായ വകുപ്പിന്റെ ഔദ്യോഗിക പ്രതിനിധിയായി ശ്രീമതി ഹേമ വി, ജോയിന്റ് സെക്രട്ടറിയെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

സ്പെഷ്യൽ ഓഫീസർ (കാഷ്യൂ) & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കൊല്ലം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ശ്രീമതി ഹേമ വി, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. കെ2/57/2025/വ്യവ.)

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
Date: 05-07-2025 10:57:01
സെക്ഷൻ ഓഫീസർ

**പകർപ്പ്:-** വ്യവസായ വകുപ്പ് മന്ത്രിയുടെ പി. എസ് -ന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ -യ്ക്ക്